المسلم الصغير

# ഇസ്‌ലാമിക ബാലപാഠം

القسم الأول

## ഭാഗം 1

## എന്റെ വിശ്വാസം

ഞാനൊരു മുസ്‌ലിമാകുന്നു.

എന്റെ രക്ഷിതാവ് അല്ലാഹുവാകുന്നു.

എന്റെ പ്രവാചകൻ മുഹമ്മദ് നബി (സ) ആകുന്നു.

എന്റെ മതം ഇസ്‌ലാമാകുന്നു.

ഞാൻ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നു.

കാരണം അവൻ ലോകത്തിന്റെ രക്ഷിതാവാണ്. പരമകാരുണ്ണികനും കരുണാനിധിയുമാണ്. പ്രതിഫല ദിനത്തിന്റെ ഉടമസ്ഥനാണവൻ

അല്ലാഹു പറയുന്നു:

( 1 ) പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ .( 2 ) സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു.( 3 ) പരമകാരുണികനും കരുണാനിധിയും. ( 4 ) പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. ( 5 ) നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ( 6 ) ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ. ( 7 ) നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ . കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല.

ഞാൻ നബി (സ) യെ സ്നേഹിക്കുന്നു.

കാരണം അല്ലാഹുവാണ് അദ്ദേഹത്തെ നമ്മിലേക്ക് പറഞ്ഞയച്ചത്. അദ്ദേഹം നമുക്ക് അല്ലാഹുവിനെ പരിചയപ്പെടുത്തി തന്നു. അദ്ദേഹം നമുക്ക് ഖുർആൻ പഠിപ്പിച്ച് തരികയും ചെയ്തു.

കാരണം അദ്ദേഹം അത്യന്തം ദയാലുവും കാരുണ്യവാനുമാണ് . അദ്ദേഹത്തിന്റെ  സ്വഭാവം മഹോന്നതമാണ്. അദ്ദേഹത്തിന്റെ വിശേഷണങ്ങൾ സുന്ദരമാണ്. അല്ലാഹു പറയുന്നു. (തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.) മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

(വിശ്വസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം)

അല്ലാഹു പറയുന്നു: ( 1 )  തീർച്ചയായും നിനക്ക് നാം ധാരാളം നേട്ടം നൽകിയിരിക്കുന്നു. ( 2 )  ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക. ( 3 )  തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ).

എന്റെ മതമായ ഇസ്ലാമിനെ ഞാൻ ഇഷ്ടപ്പെടുന്നു.

കാരണം അല്ലാഹു നമുക്ക് വേണ്ടി തൃപതി പ്പെട്ടു തന്ന സത്യമതമാണ് അത് , നമ്മുടെ നബിയാണ് അതുമായി വന്നത്. ആര് അത് മുറുകെ പിടിച്ചാലും അവൻ സ്വർഗത്തിൽ പ്രവേശിച്ചു. ആരങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ നരഗത്തിൽ പ്രവേശിച്ചു.

അല്ലാഹു പറഞ്ഞു: ( 1 )  കാലം തന്നെയാണ് സത്യം, ( 2 ) തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു;( 3 ) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.

ഇസ്ലാമിനെ തൂണുകൾ അഞ്ചാകുന്നു. (أركان الإسلام)

1- അരാധനക്കർഹനയി അല്ലാഹു അല്ലാതെ മറ്റാരുമില്ലന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതൻ ആണന്നും സാക്ഷ്യം വഹിക്കൽ

2- നിസ്കാരം യഥാവിധി നിലനിർത്തൽ

3- സക്കാസ് കൊടുക്കൽ

4- റമദ്വാനിൽ  നോമ്പ് അനുഷ്ഠിക്കൽ

5- അല്ലാഹുവിന്റെ പരിശുദ്ധ ഭവനത്തിൽ ഹജ്ജ് ചെയ്യൽ

ഈമാനിന്റെ തൂണുകൾ ആറാകുന്നു. (أركان الإيمان)

1- അല്ലാഹുവിലുള്ള വിശ്വാസം

2- മലക്കുകളിലുള്ള വിശ്വാസം

3 - വേദ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം

4 - ദൈവദൂതൻമാരിലുള്ള വിശ്വാസം

5 - അന്ത്യദിനത്തിലുള്ള വിശ്വാസം

6 - വിധിയിലുള്ള ഗുണത്തിലും ദോഷത്തിലുമുള്ള വിശ്വാസം.

അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്നതല്ലാം ഞാനും ഇഷ്ടപ്പെടും.

അല്ലാഹും റസൂലും വെറുക്കുന്നതല്ലാം ഞാനും വെറുക്കും

القسم الثاني

ഭാഗം - 2

## എന്റെ നിസ്കാരം

അല്ലാഹു നമ്മെ സൃഷ്ടിച്ചത് അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കാതെ അവനെ മാത്രം ആരാധിക്കാനാണ്.

അവനെയെല്ലാതെ നാം ആരാധിക്കരുത്.

അവനോടെല്ലാതെ നാം പ്രാർഥിക്കരുത്.

അവൻ പരിശുദ്ധനും ഉന്നതനുമാണ്.

ഏറ്റവും മഹത്തായ ആരാധനയാണ് : നിസ്കാരം

നിസ്കാരങ്ങൾ അഞ്ചണ്ണമാണ്.

1 - സുബ്ഹി നിസ്കാരം : ഞാൻ രണ്ട് റക്അത്ത് നിസ്കരിക്കും

2- ദ്വുഹ്റ് നിസ്കാരം : ഞാൻ നാല് റക്അത്ത് നിസ്കരിക്കും

3 - അസ്വറ് നിസ്കാരം : ഞാൻ നാല് റക്അത്ത് നിസ്കരിക്കും

4 - മഗ്രിബ് നിസ്കാരം : ഞാൻ മൂന്ന് റക്അത്ത് നിസ്കരിക്കും

5 - ഇശാ നിസ്കാരം : ഞാൻ നാല് റക്അത്ത് നിസ്കരിക്കും

നിസ്കാരം അതിന്റെ സമയത്തു തന്നെ ഞാൻ നിർവഹിക്കും. ഭയഭക്തിയോടെ ഞാനത് നിർവ്വഹിക്കും.

നിസ്കരിക്കുന്നതിന് മുമ്പ് ഞാൻ അംഗശുദ്ധി വരുത്തും.

അംഗശുദ്ധി വരുത്താതെ ഞാൻ ഒരിക്കലും ഞാൻ നിസ്കരിക്കുന്നതല്ല.

القسم الثالث

## ഭാഗം -3

## എന്റെ സ്വഭാവം.

നല്ല സ്വഭാവം അല്ലാഹു ഇഷ്ടപ്പെടുന്നു , ചീത്ത സ്വഭാവം അല്ലാഹു വെറുക്കുന്നു.

നബി (സ) വന്നത് ആദരിക്കപ്പെട്ട സ്വഭാവങ്ങളെ പൂർത്തീകരിക്കാനാണ്.

നിർബന്ധമായും ഞാൻ നല്ല സ്വഭാവത്തിന്റെ ഉടമയാകും.

സത്യസന്തത, കരാർ പാലനം, വിശ്വസ്തത, ധീരത, ആദരവ്, നല്ല സംസാരം, ഗുരുക്കൻമാരെ ബഹുമാനിക്കൽ , മുതിർന്നവരെ ആദരിക്കൽ മുതലായ നല്ല സ്വഭാവ ഗുണങ്ങൾ .

ചീത്ത സ്വഭാവത്തിൽ നിന്നും ഞാൻ വിട്ടു നിൽക്കും :

കളവ്, വഞ്ചന, ബലഹീനത, പിശുക്ക്, മോശപ്പെട്ട സംസാരം, അനാദരവ് മുതലായ ചീത്ത സ്വഭാവങ്ങളിൽ ന്നിനും.

നബി (സ) പറഞ്ഞു: തീർച്ചയായും നിങ്ങളിൽ നിന്നും ഇഹലോകത്ത് ഏറ്റവും നല്ല സ്വഭാവത്തിന്റെ ഉടമകളായിരിക്കും പരലോകത്ത് സ്ഥാനം കൊണ്ട് എന്നിലേക്ക് ഏറ്റവും കൂടുതൽ അടുത്തവർ.

## ഉപസംഹാരം : الخاتمة

അറിവ് പ്രകാശമാണ്, അറിവില്ലായ്മ ഇരുട്ടുമാണ്.

അതിനാൽ അറിവ് തേടുന്ന കാര്യത്തിൽ ഞാൻ പരിശ്രമിക്കും, അത് കരസ്തമാക്കാനായി ഞാൻ എന്റെ അധ്വാനം ചിലവഴിക്കും. എന്റെ രക്ഷിതാവ് എന്നെ തൃപ്തിപ്പെടാനും അവൻ എന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കാനുമാണത്.

ദിക്റുകൾ മുസ്‌ലിമിന്റെ രക്ഷാകവചമാണ്.

രാവിലെയും വൈകുന്നേരവും ഞാൻ ദിക്റുകൾ നിലനിർത്തും.

അതിൽ പെട്ടതാണ് ആയതുൽ കുർസ്സിയും സൂറത്തുൽ ഇഖ്ലാസും , രണ്ട് മുഅവിദത്തുകളും.

വിജയത്തിന്റെയും രക്ഷയുടെയും താക്കോലാണ് പ്രാർഥന.

സദാസമയം ഞാൻ ധാരാളമായി അല്ലാഹുവിനോട് പ്രാർഥിക്കും.

സുജൂദിലും, ബാങ്കിന് ശേഷവും , രാത്രിയിലുമെല്ലാം ....

പ്രാർഥനകളിൽ പെട്ടതാണ്:

അല്ലാഹുവേ എന്നെ നേർമാർഗത്തിൽ നയിക്കണേ, ദുർമാർഗത്തെ തൊട്ട് തടയണേ .

അല്ലാഹു വേ എനിക്ക് നീ അറിവ് വർദ്ധിപ്പിക്കണേ .

അല്ലാഹുവേ എനിക്ക് നീ പൊറുത്തു തരണേ, എന്റെ മാതാപിതാക്കളോട് കരുണ കാണിക്കണേ .

അല്ലാഹുവേ എനിക്ക് ഇഹലോകത്ത് നീ നന്മ ചെയ്യണേ , പരലോകത്തും നീ നന്മ ചെയ്യണേ , നരഗ ശിക്ഷയെ തൊട്ട് നീ എന്നെ കാക്കണേ.